**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2398** **30-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവു നായ്ക്കളുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവു നായകളുടെ എണ്ണം പെരുകി വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) | തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ ജനന നിയന്ത്രണ (എബിസി) പരിപാടിയും പ്രതിരോധ കുത്തിവയ്പ്പും നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 15 ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നമ്പർ 2244/2022/ത.സ്വ.ഭ.വ പ്രകാരം പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവുനായകളുടെ വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കും, നടപടികൾ സ്വീകരിച്ചത് കൂടാതെ വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി വരുന്നു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെപ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിർബന്ധിത വന്ധ്യംകരണവും നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുമാണ് തെരുവ് നായ നി യന്ത്രണത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ.<br><br>തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യ സംസ്കരണ സംവിധാനങ്ങളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭക്ഷ്യ മാലിന്യങ്ങളും അറവു മാലിന്യങ്ങളും അവയുടെ ഉറവിടത്തിൽ സംസ്കരിക്കുകയോ അംഗീകൃത ഏജൻസികൾക്ക് കൈമാറുകയോ ചെയ്യുന്നു. ഓൺ-സൈറ്റ് പ്രോസസ്സിംഗ് സാധ്യമല്ലെങ്കിൽ, ഉദാഹരണത്തിന്, ചിക്കൻ സ്റ്റോളിലെ മാലിന്യങ്ങൾ മൃഗങ്ങളുടെ തീറ്റയാക്കി മാറ്റുന്നു. പൊതുസ്ഥലങ്ങളിലും ജനവാസമില്ലാത്ത പ്രദേശങ്ങളിലും ഭക്ഷ്യം, അറവു |

മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവാദികളായ കക്ഷികൾക്ക് പിഴ ചുമത്തുന്നു. മാലിന്യ കൂമ്പാരങ്ങൾക്ക് പിഴ ഇടാക്കുന്നതിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്ന വ്യക്തികൾക്ക് | പ്രതിഫലം നൽകുന്നത് പോലുള്ള നടപടികളും നടപ്പാക്കുന്നുണ്ട്. ഫലപ്രദമായ നിർവണത്തിനായി, പ്രാദേശിക വിജിലൻസ് സ്ക്വാഡുകൾ, ഐ.വി.ഒ സ്ക്വാഡുകൾ, ജില്ലാ തല | എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ സജീവമായി ഇടപെടുന്നു.

തെരുവുനായ്ക്കളുടെ ആക്രമണങ്ങൾ വർദ്ധിക്കുന്നത് മൂലം ഉയർന്ന് വരുന്ന അതീവഗുരുതരമായ സാഹചര്യം സർക്കാർ വളരെ പ്രാധാന്യത്തോടെ പരിഗണിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും മൃഗസംരക്ഷണ വകുപ്പിലെയും മന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും ഉന്നതതല യോഗം നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾക്ക് അനുസൃതമായി കർശന നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

1. നിലവിലുള്ള 18 എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ സ്ഥാപി ക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗ സംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്ര മീകരിക്കുകയും ചെയ്യും.

2. തെരുവ് നായ്ക്കൾക്കായി സംസ്ഥാന വ്യാപകമായി വാക്സിനേഷൻ ഡ്രൈവ് നടത് തുന്നതിനും, വളർത്തുമൃഗങ്ങൾക്ക് അടിയന്തിര മുൻഗണന നൽകി പ്രതിരോധ കുത്തിവയ്പ്പുകളും ലൈസൻസ് വിതരണം പൂർത്തീകരിക്കുകയും ചെയ്യുന്നതിനും തീരുമാനിച്ചു

3. തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് Compassion for Animal Welfare Association(CAWA), ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കുടുംബശ്രീ എന്നിവയുടെ സഹായം കൂടുതൽ വിപുലമായി വിനിയോഗിക്കും.

4. പദ്ധതിയുടെ മേൽനോട്ടത്തിനായി ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സർവകക്ഷി ജനകീയസമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

5 തെരുവ് നായകളുടെ ആക്രമണ ഭിഷണി മറികടക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനായി വ്യവസ്ഥകൾ

ലഘൂകരിച്ചുകൊണ്ട് എ.ബി.സി നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം മൃഗസംരക്ഷണ വകുപ്പ് മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

6. വളർത്തുമൃഗങ്ങളുടെ ഉടമകളെ ഉത്തരവാദികളാക്കി വളർത്തുമൃഗങ്ങളുടെ ലൈസൻസിംഗും കുത്തിവയ്പ്പുകളും നടപ്പിലാക്കുന്നത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

7. GO (MS) No. 135/2025/LSGD , തെരുവ് നായ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി, ചെയർപേഴ്സൺ ആയി ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, എന്നിവരെ അംഗങ്ങൾ ആക്കി ജില്ലാ തലത്തിൽ Stray Dog Victim Compensation Committee രൂപീകരിച്ചു.

തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംര ക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

ABC Rule 2023 ഖണ്ഡിക 10.1.C പ്രകാരം പോർട്ടബിൾ എ ബി സി സെൻ്ററുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2 മാസത്തിനകം കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എ ബി സി സെന്ററുകളുടെ പ്രവർത്തനം തടസപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾക്ക് പോലീസ് സഹായം തേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | Dog Catchers നെ കണ്ടെത്തുന്നതിന് കുടുംബശ്രീയെ ഒരു ഏജൻസിയായി കണക്കാക്കുന്നതിനും നിലവിലെ Dog Catchers ന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി കൈക്കൊള്ളുവാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡോഗ് ക്യാച്ചേഴ്സിന്റെ പ്രതിഫല തുക 300 രൂപയായി ഏകീകരിച്ചിട്ടുണ്ട്.<br><br>എ ബി സി സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനും പൊതു ജന സഹകരണം ഉറപ്പു വരുത്തുന്നതിനും, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജനകീയ സർവകക്ഷി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | തെരുവു നായകളുടെ ആക്രമണം ഫലപ്രദമായി തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ ജനന നിയന്ത്രണ (എബിസി) പരിപാടിയും പ്രതിരോധ കുത്തിവയ്പ്പും നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 15 ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നമ്പർ 2244/2022/ ത.സ്വ.ഭ.വ പ്രകാരം പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവുനായകളുടെ വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കും, നടപടികൾ സ്വീകരിച്ചത് കൂടാതെ വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി വരുന്നു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിർബന്ധിത വന്ധ്യംകരണവും നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവയ്പുമാണ് തെരുവ് നായ നി യന്ത്രണത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ.<br><br>തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യ സംസ്കരണ സംവിധാനങ്ങളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭക്ഷ്യ മാലിന്യങ്ങളും അറവു മാലിന്യങ്ങളും അവയുടെ ഉറവിടത്തിൽ സംസ്കരിക്കുകയോ അംഗീകൃത ഏജൻസികൾക്ക് കൈമാറുകയോ ചെയ്യുന്നു. ഓൺ-സൈറ്റ് പ്രോസസ്സിംഗ് സാധ്യമല്ലെങ്കിൽ, ഉദാഹരണത്തിന്, ചിക്കൻ സ്റ്റോളിലെ മാലിന്യങ്ങൾ മൃഗങ്ങളുടെ തീറ്റയാക്കി മാറ്റുന്നു. പൊതുസ്ഥലങ്ങളിലും ജനവാസമില്ലാത്ത പ്രദേശങ്ങളിലും ഭക്ഷ്യം, അറവു മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങൾ ഉത്തരവാദികളായ കക്ഷികൾക്ക് പിഴ ചുമത്തുന്നു. മാലിന്യ കൂമ്പാരങ്ങൾക്ക് പിഴ ഇടാക്കുന്നതിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്ന വ്യക്തികൾക്ക് | പ്രതിഫലം നൽകുന്നത് പോലുള്ള നടപടികളും നടപ്പാക്കുന്നുണ്ട്. ഫലപ്രദമായ നിർവണത്തിനായി, പ്രാദേശിക വിജിലൻസ് സ്ക്വാഡുകൾ, ഐ.വി.ഒ സ്ക്വാഡുകൾ, ജില്ലാ തല | എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ സജീവമായി ഇടപെടുന്നു.

തെരുവുനായ്ക്കളുടെ ആക്രമണങ്ങൾ വർദ്ധിക്കുന്നത് മൂലം ഉയർന്ന് വരുന്ന അതീവഗുരുതരമായ സാഹചര്യം സർക്കാർ വളരെ പ്രാധാന്യത്തോടെ പരിഗണിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും മൃഗസംരക്ഷണ വകുപ്പിലെയും മന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും ഉന്നതതല യോഗം നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾക്ക് അനുസൃതമായി കർശന നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

1. നിലവിലുള്ള 18 എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ സ്ഥാപി ക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗ സംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

2. തെരുവ് നായ്ക്കൾക്കായി സംസ്ഥാന വ്യാപകമായി വാക്സിനേഷൻ ഡ്രൈവ് നടത് തുന്നതിനും, വളർത്തുമൃഗങ്ങൾക്ക് അടിയന്തിര മുൻഗണന നൽകി പ്രതിരോധ കുത്തിവയ്പ്പുകളും ലൈസൻസ് വിതരണം പൂർത്തീകരിക്കുകയും ചെയ്യുന്നതിനും തീരുമാനിച്ചു

3. തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് Compassion for Animal Welfare Association(CAWA), ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കുടുംബശ്രീ എന്നിവയുടെ സഹായം കൂടുതൽ വിപുലമായി വിനിയോഗിക്കും.

4. പദ്ധതിയുടെ മേൽനോട്ടത്തിനായി ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സർവകക്ഷി ജനകീയസമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

5 തെരുവ് നായകളുടെ ആക്രമണ ഭീഷണി മറികടക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനായി വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് എ.ബി.സി നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം മൃഗസംരക്ഷണ വകുപ്പ്

മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

6. വളർത്തുമൃഗങ്ങളുടെ ഉടമകളെ ഉത്തരവാദികളാക്കി വളർത്തുമൃഗങ്ങളുടെ ലൈസൻസിംഗും കുത്തിവയ്പ്പുകളും നടപ്പിലാക്കുന്നത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

7. GO (MS) No. 135/2025/LSGD , തെരുവ് നായ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി, ചെയർപേഴ്സൺ ആയി ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, എന്നിവരെ അംഗങ്ങൾ ആക്കി ജില്ലാ തലത്തിൽ Stray Dog Victim Compensation Committee രൂപീകരിച്ചു.

തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംര ക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

ABC Rule 2023 ഖണ്ഡിക 10.1.C പ്രകാരം പോർട്ടബിൾ എ ബി സി സെൻ്ററുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2 മാസത്തിനകം കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എ ബി സി സെൻ്ററുകളുടെ പ്രവർത്തനം തടസപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾക്ക് പോലീസ് സഹായം തേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Dog Catchers നെ കണ്ടെത്തുന്നതിന് കുടുംബശ്രീയെ ഒരു ഏജൻസിയായി കണക്കാക്കുന്നതിനും നിലവിലെ

| | | | |
|---|---|---|---|
| | | | Dog Catchers ന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി കൈക്കൊള്ളുവാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡോഗ് ക്യാച്ചേഴ്സിന്റെ പ്രതിഫല തുക 300 രൂപയായി ഏകീകരിച്ചിട്ടുണ്ട്.<br><br>എ ബി സി സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനും പൊതു ജന സഹകരണം ഉറപ്പ വരുത്തുന്നതിനും, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജനകീയ സർവകക്ഷി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ